ക്കിപറഞ്ഞാൽ ഗ്രാമീണകാർഷികവ്യവസ്ഥയിൽ ഒരു ജനത എന്ന നിലയിൽ സ്വത്വവികാസത്തിന് അനുഗുണമായിരുന്നില്ല ജാതിവ്യവസ്ഥ. രണ്ട് തരത്തിൽ അത് പ്രവർത്തിച്ചു ഉല്പാദനബന്ധമെന്ന നിലയിലും ആശയസംഹിത എന്ന നിലയിലും. അതുകൊണ്ടാണ് ജാതിവ്യവസ്ഥ കേവലം തൊഴിൽ വിഭജനമല്ലെന്നും അത് തൊഴിലാളികളെയും വിഭജിക്കുന്നുവെന്നും അംബേദ്കർ പറയുന്നത്. മനുഷ്യബന്ധങ്ങളുടെ ഫലപ്രദമായ സംഘാടനത്തെ ഇല്ലാതാക്കുന്ന വ്യവസ്ഥയെ അംഗീകരിച്ചുകൊണ്ട് വർഗ്ഗപ്രത്യയശാസ്ത്രം ഇന്ത്യയ്ക്കകത്ത് വിജയിക്കുകയില്ലെന്ന അംബേദ്കറുടെ വിമർശനം പ്രധാനമാണ്.

ഉല്പാദനോപാധികളിൽ യാതൊരു നിയന്ത്രണവും അവകാശവുമില്ലാതിരുന്ന ദലിത്വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ജീവിതാവസ്ഥയിൽ നിന്ന് വിമുക്തരാകാനും പുതിയ സാമൂഹിക സാമ്പത്തിക ഘടനയിലേക്ക് ഉൾച്ചേരാനും കഴിയുന്ന ഒരു സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു പ്രധാനം. കേരളത്തിന്റെ കാര്യത്തിൽ ഈ ദൗത്യം നിർവ്വഹിച്ചത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ്.[12] 'തൊഴിലാളികർഷകർ' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട് പ്രസ്ഥാനത്തോടൊപ്പം ഭൂരിഭാഗം ദലിതരും അണിനിരന്നു. പൊക്കുടന്റെ 'എന്റെ ജീവിതം' എന്ന ആത്മാഖ്യാനം കണ്ണൂർജില്ലയിലെ ഏഴോം പഞ്ചായത്തുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രാദേശികചരിത്രം കൂടി വീണ്ടെടുക്കുന്നുണ്ട്. സൂക്ഷ്മവിശകലനത്തിൽ ഇത് പ്രസ്ഥാനത്തിന്റെ പ്രാദേശിക ചരിത്രത്തിൽ നിന്ന് ഭിന്നമായി കേരളത്തിന്റെയും, ഇന്ത്യയുടെ തന്നെയും പ്രസ്ഥാനചരിത്രമായി മാറുന്നുണ്ട്.

ഏഴോത്ത് ദലിതരായ കൃഷിപ്പണിക്കാരും പ്രാദേശികമുതലാളിമാരും തമ്മിലുള്ള സംഘർഷവുമായി (1952) ബന്ധപ്പെട്ടാണ് പ്രസ്ഥാനം ആരംഭിക്കുന്നതെന്ന് പൊക്കുടൻ ഓർക്കുന്നുണ്ട്. ചെമ്മീനും കൃഷിയും പണിക്കാരും എല്ലാം ജന്മിമാരുടേതാണെന്ന ചിന്ത ഈ സംഘർഷത്തോടെ അവർക്ക് നഷ്ടപ്പെടുന്നു. മറ്റൊരു സംഘർഷം പുറമ്പോക്കു ഭൂമി കണ്ടെത്തി ദലിതർക്ക് അളന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ഉടലെടുക്കുന്നത്. അവകാശതർക്കത്തെ തുടർന്ന് മുതലാളിമാർ, മലബാറിൽ നിന്ന് സ്പെഷ്യൽ പോലീസിനെ വരുത്തി. എം. എസ്. പി. ക്കാർ കണ്ണിൽപ്പെട്ട വീടുകളിലെല്ലാം കയറി കിട്ടിയവരെയെല്ലാം മർദ്ദിച്ചു. ഇതിൽ മർദ്ദനമേറ്റ ദലിതരെല്ലാം കമ്മ്യൂണിസ്റ്റുകളും അടികിട്ടാത്തവർ കോൺഗ്രസുകാരുമായി മാറി.[13] പൊക്കുടന്റെ അച്ഛന് കർഷകസംഘവുമായി ബന്ധമുണ്ടായിരുന്നു. മാത്രമല്ല കുറച്ച് ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുകയും ചെയ്തിരുന്നു. ഈ സമയത്താണ് എ. കെ. ജിയുടെ ഒരു പ്രസ്താവന മുതലാളിമാരെ ഭയപ്പെടുത്തുന്നത്. മേൽചാർത്ത് പ്രകാരം കൃഷിഭൂമി ഏറ്റെടുത്ത് കൃഷിനടത്തുന്നവർ അത്തരം ഭൂമി സ്ഥിരപ്പെടുത്തികൊടുക്കുമെന്നതായിരുന്നു അത്. കേരളത്തിന്റെ കാർഷികഘടനയിൽ മേൽചാർത്ത് പ്രകാരം കൃഷിഭൂമി ഏറ്റെടുത്ത് നടത്തുന്നവരായി ദലിതർ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. നായർ സമുദായവും കുറച്ച് ഈഴവ സമുദായവും പിന്നെ മുസ്ലീം, ക്രിസ്ത്യൻവിഭാഗവുമായിരുന്നു ഇങ്ങനെ കൃഷിചെയ്തിരുന്നത്. ഈ കൃഷിയിടത്തിലെ കൂലിത്തൊഴിലാളികൾ മാത്രമായിരുന്നു ദലിതർ. അവർ അടിമകളെന്നോണം അധ്വാനിച്ചവരായിരുന്നു. പൊക്കുടൻ ഈയൊരു രാഷ്ട്രീയപരിണാമത്തെ വിവരിക്കുന്നത് ഇങ്ങനെയാണ്.

മേൽചാർത്ത് പ്രകാരം ചന്തൻകുട്ടിയുടെ മറുപാട്ടം സ്ഥിരപ്പെട്ടു. അതിനുശേഷം ദലിതർക്കൊഴിച്ച് കുഞ്ഞപ്പ, ചന്തു, കരുണാകരൻ തുടങ്ങിയ തിയ്യർക്കും നമ്പ്യാർക്കുമെല്ലാം അതുവരെ അവർ നോക്കിനടത്തിയ സ്ഥലത്തിന്റെ നേർപകുതി മറുപാട്ടമായി സ്ഥിരപ്പെട്ടുകിട്ടി. കാര്യസ്ഥനായ കല്ലേൻപൊക്കൻ മുതലാളിയുടെ കൂടെ നിന്നു. അയാൾക്ക് ഒരു സെന്റു പോലും കിട്ടിയില്ല. അയാൾ നോക്കിനടത്തികൊണ്ടിരുന്ന എല്ലാ സ്ഥലവും ഒഴിപ്പിച്ചു.[14] ദലിത് സമുദായത്തിൽനിന്ന് ഈ ഒഴിപ്പിക്കലിനെതിരെ നിന്നത് പൊക്കുടൻ മാത്രമായിരുന്നു. മറ്റെല്ലാവരും മുതലാളിമാരെ പേടിച്ച് അകന്നുനിന്നു. കമ്മ്യൂണിസ്റ്റായതുകൊണ്ട് പ്രാദേശിക ജന്മിമാരെല്ലാവരും പൊക്കുടനെതിരായിരുന്നു. മാത്രമല്ല അവരുടെ ബഹിഷ്ക്കരണം കാരണം അദ്ദേഹത്തിന് കൃഷിപ്പണിയും നഷ്ടപ്പെട്ടു. ഇതിനെ പൊക്കുടൻ നേരിട്ടത് പുറമ്പോക്കു ഭൂമിയിൽ കൃഷിയിറക്കിക്കൊണ്ടാണ്. സ്വന്തമായി ഉണ്ടായിരുന്ന ഒരു ആടിനെവിറ്റുകിട്ടിയ നൂറ്റിഎഴുപത്തിയഞ്ചു രൂപ കൊടുത്ത് പതിനഞ്ച് സെന്റ് ഭൂമി സ്വന്തമാക്കുന്നതിലൂടെ പൊക്കുടന്റെ സ്വത്വരൂപീകരണം കുറെക്കൂടി ചലനാത്മകമാകുന്നുണ്ട്. പില്ക്കാലത്ത് പുറമ്പോക്കു കൂടി ഉൾപ്പെട്ട്, അദ്ദേഹം അധ്വാനിച്ച് സമ്പാദിച്ച കൃഷിഭൂമി നൂറ്റിഇരുപത് സെന്റായിമാറുന്നുണ്ട്.

ഭൂമിയും അധികാരവും തമ്മിലുള്ള ബന്ധം കൃത്യമായും തിരിച്ചറിയപ്പെടുന്ന ഒരു സാമൂഹികസന്ദർഭം

കൂടിയാണിത്. അധ്വാനശേഷിയും കൃഷിയെക്കുറിച്ചുള്ള അനുഭവാധിഷ്ഠിതമായ ജ്ഞാനവും കൈമുതലായ ഒരു ജനതയായിട്ടും അവർക്ക് കൃഷിഭൂമിയുണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കൊണ്ടുവന്ന ഭൂപരിഷ്ക്കരണം പോലും അവർക്ക് അനുകൂലമായിരുന്നില്ല. ഭൂപരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ പിടിച്ചെടുത്ത ഭൂമിയുടെ 25% ഭൂമി ദലിതർക്ക് വിതരണം ചെയ്തെങ്കിലും അത് പത്ത്സെന്റിലും ലക്ഷംവീട് കോളനിയിലും ഒതുങ്ങി. ഭൂപരിഷ്കരണം പരിവർത്തനശേഷിയുള്ള ജനതയാക്കിമാറ്റാൻ സഹായിച്ചില്ലെന്ന വിമർശനം പൊക്കുടൻ ഉന്നയിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.[15] കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള ദലിത് കർഷകത്തൊഴിലാളികളുടെ സ്ഥാനമെന്ത് എന്ന ചോദ്യം ഏഴോം സമരവുമായി ബന്ധപ്പെട്ടാണ് പൊക്കുടന്റെ മനസ്സിൽ ഉയരുന്നത്. ഏഴോം കൊലക്കേസ്[16] വിചാരണ ആരംഭിക്കുന്നതിന് തൊട്ട് തലേദിവസം പാർട്ടിയുടെ വേണ്ടപ്പെട്ടവരെല്ലാം തലശ്ശേരിടൗണിൽ എത്തി മുറി വാടകയ്ക്ക് എടുത്തു. വൈകുന്നേരം നേതാക്കൾ പോയതിനുശേഷം എല്ലാവരും തലശ്ശേരി കടപ്പുറത്ത് കാറ്റ് കൊള്ളാൻ പോയി. രാത്രി ഊണുകഴിഞ്ഞ് ഉറങ്ങാനുള്ള തയ്യാറെടുപ്പിനിടയിൽ തമ്മലപ്പ എന്ന ഈഴവ സമുദായത്തിൽപ്പെട്ട പാർട്ടിപ്രവർത്തകൻ കാഞ്ഞിരാനും പൊക്കുടനും മറ്റൊരു മുറിയിൽ കിടക്കട്ടെ എന്ന് പറഞ്ഞത് പൊക്കുടന്റെ ആത്മാഭിമാനത്തിന് ക്ഷതമുണ്ടാക്കി. മുഴുവൻ സമയപാർട്ടി പ്രവർത്തകനായി നിലനിൽക്കണമെന്നതായിരുന്നു പൊക്കുടന്റെ ആഗ്രഹം. ഈയൊരു സംഭവത്തോടെ ജാതിപ്രശ്നം പരിഹരിക്കാൻ മാർക്സിസ്റ്റ് പാർട്ടിക്ക് കഴിയില്ലെന്ന വിചാരം അദ്ദേഹത്തിലുണ്ടാക്കുന്നുണ്ട്. വർഗ്ഗമല്ല പ്രധാനമെന്നും ജാതിയാണെന്നുമുള്ള തിരിച്ചറിവ് പ്രബലമാകുന്നതോടെ പാർട്ടിയുമായി അദ്ദേഹം അകന്നു. മാത്രമല്ല കുടികിടപ്പായി കിട്ടേണ്ട പത്തുസെന്റ് ഭൂമി പൊക്കുടന് വാങ്ങിച്ചു കൊടുക്കുന്നതിൽ പാർട്ടികാണിച്ച അലംഭാവത്തെ അദ്ദേഹം ചോദ്യം ചെയ്യുകയുമുണ്ടായി. എന്നാൽ പിന്നീട് പൊക്കുടൻ തന്നെ വ്യക്തിപരമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങിച്ചെടുക്കുകയും ചെയ്തു. പാർട്ടിക്ക് ഇതും വലിയൊരു തലവേദനയായതായി പൊക്കുടൻ വ്യക്തമാക്കുന്നുണ്ട്.[17] ഒരേസമയം കർഷകനായും കർഷകത്തൊഴിലാളിയായും ജീവിക്കേണ്ട എന്നും കർഷകത്തൊഴിലാളി മാത്രമായാൽ മതിയെന്ന് സ്വയം തീരുമാനിക്കുന്ന അവസ്ഥ പൊക്കുടനിലുണ്ടാകുന്നുണ്ട്. ഈയൊരു തീരുമാനമാണ് മറുപ്പാട്ടപ്രകാരം തനിക്ക് അവകാശപ്പെട്ട ഒരേക്കർ മുപ്പത് സെന്റിന്റെ കൈപ്പാട് പൊക്കുടൻ വിൽക്കാൻ തീരുമാനിക്കുന്നത്.

കൃഷിക്കാരുടെ ഇടയിൽ സമുദായത്തിന് യാതൊരു നീതിയും ലഭിക്കുന്നില്ല എന്ന തിരിച്ചറിവും പ്രധാനമായിരുന്നു. മാത്രമല്ല ഈ സ്ഥലം കൈവശമുണ്ടെങ്കിൽ കൃഷിക്കാരുടെ സമരത്തിനും കർഷകത്തൊഴിലാളിയുടെ സമരത്തിനും പൊക്കുടന് പങ്കെടുക്കേണ്ടിവരും. കൃഷിക്കാരുടെ ഇടയിൽ ദലിതർക്ക് യാതൊരു നീതിയും ലഭിക്കുന്നില്ലെന്ന പൊക്കുടന്റെ നിരീക്ഷണം ജാതിവ്യവസ്ഥയേയും അതോടൊപ്പം കാർഷികമേഖലയിൽ അനുഭവിക്കേണ്ടിവരുന്ന അന്യവൽക്കരണം, പരിവർത്തനശേഷിയില്ലായ്മ എന്നിവയെല്ലാം പ്രശ്നവൽക്കരിക്കുന്നുണ്ട്. പാർട്ടിപ്രവർത്തനത്തിന് പൊക്കുടനെ സംബന്ധിച്ചിടത്തോളം കൃത്യമായ ലക്ഷ്യമുണ്ടായിരുന്നു. കർഷകത്തൊഴിലാളികൾ എന്ന നിലയിലുള്ള ഭൗതികപുരോഗതി, പരിവർത്തനശേഷി, സ്വത്വബോധം, ആത്മാഭിമാനം എന്നിവയായിരുന്നു അവ. സാമൂഹികനീതിബോധമായിരുന്നു അതിന്റെ അടിത്തറ. പാർട്ടി ദലിതരായ കർഷകത്തൊഴിലാളികളെ പരിവർത്തനശേഷിയില്ലാത്ത ജനതയാക്കി നിലനിർത്തുകയാണ് ചെയ്യുന്നതെന്ന് പൊക്കുടന് ബോധ്യപ്പെടുന്ന സാമൂഹികസാഹചര്യം പ്രധാനമാണ്. സാമ്പത്തികമായി മാത്രം നിർണയിക്കുന്ന ഒന്നല്ല ദലിത് ജീവിതാവസ്ഥ എന്ന തിരിച്ചറിവാണിത്. ഒരു ഇടതുപക്ഷക്കാരനായ പുലയനെ ഉൾക്കൊള്ളാനൊന്നും പുലയസമുദായം അന്ന് വളർന്നിട്ടില്ലായിരുന്നുവെന്നും അവരെ ഉൾക്കൊള്ളാൻ ഇടതുപക്ഷം ഇന്നും വളർന്നിട്ടില്ലെന്നും തോന്നുന്നു എന്ന പൊക്കുടന്റെ വിചാരം ഇന്ത്യൻ സാഹചര്യത്തിൽ പ്രധാനമാകുന്നുണ്ട്. പാർട്ടിക്കകത്ത് അന്യവൽക്കരിക്കപ്പെടുന്ന സ്വത്വവും സ്വന്തം സമുദായത്തിനകത്ത് അന്യവൽക്കരിക്കപ്പെടുന്ന സ്വത്വവും സവിശേഷമായ ഒരു ധാർമികരാഷ്ട്രീയകർത്തൃത്വത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു ദലിതന്റേയും പ്രതിസന്ധിയായി വേണം കാണാൻ. ജാതിനിർമൂലനത്തിലൂടെ മാത്രമേ ഈ അന്യവൽക്കരണം മറികടക്കാനാവുകയുള്ളൂ എന്നതായിരുന്നു അംബേദ്കറുടെ വീക്ഷണം. ദലിതർ ലക്ഷ്യം വയ്ക്കേണ്ട രാഷ്ട്രീയബോധത്തിലായിരുന്നു അംബേദ്കറുടെ ഊന്നൽ.

ഒരു പൗരസമൂഹമായി ഇന്ത്യൻ സമൂഹം മാറാത്തതിന്റെ രാഷ്ട്രീയ അന്യവൽക്കരണം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് ദലിത് ജീവിതാവസ്ഥയെയാണെന്ന് പിൽക്കാല സാമൂഹിക രാഷ്

ട്രീയ ചരിത്രവും വ്യക്തമാക്കുന്നുണ്ട്. ശ്രീനാരായണന്റെ ധർമാധിഷ്ഠിത രാഷ്ട്രീയ ദർശനങ്ങൾക്ക് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇടം കിട്ടിയിട്ടില്ലെന്ന ബി. രാജീവന്റെ നിരീക്ഷണം പ്രധാനമാകുന്നത് ഇവിടെയാണ്.[18] ജാതി സൃഷ്ടിക്കുന്ന സ്വത്വബോധം ദലിതരെ സംബന്ധിച്ചിടത്തോളം ഗുണകരമല്ലെന്ന തിരിച്ചറിവിലേക്കാണ് പൊക്കുടനെ നയിക്കുന്നത്. എന്നാൽ ഇത്തരം പ്രതിനിധാനത്തിൽനിന്ന് ഉയരുന്നവരെപ്പോലും ജാതി സ്വത്വത്തിലേക്ക് അടയാളപ്പെടുത്താനാണ് മുഖ്യധാര പൊതുബോധം ശ്രമിച്ചിട്ടുള്ളത്. ഇന്ത്യൻ പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് കെ.ആർ. നാരായണൻ നോമിനേറ്റ് ചെയ്യപ്പെട്ടപ്പോൾ ഇടതുപക്ഷത്തുനിന്നുള്ള പ്രധാന വിമർശനം ഉയർന്ന പോസ്റ്റിൽ ജാതി പരിഗണിക്കരുത് എന്നായിരുന്നു. താഴ്ന്ന ജാതിയെന്ന് വിശഷിപ്പിക്കപ്പെട്ട ഒരാൾ പ്രതിനിധാനത്തിലേക്ക് വരുമ്പോഴാണ് ജാതി പ്രശ്നവൽക്കരിക്കപ്പെടുന്നത് എന്നർത്ഥം. ജാതി മേന്മാബോധത്തിൽനിന്ന് ഇടതുപക്ഷ ദേശീയത വിമുക്തമല്ലെന്നാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. മാത്രമല്ല ജാതിമേന്മയ്ക്ക് സമൂഹത്തിൽ പൊതുവെയുള്ള സ്വാധീനം പോലും പാർട്ടിയെ വളർത്താൻ ഉപയോഗിക്കാനാവും എന്നു നിർദ്ദേശിക്കുന്ന ഒരു സർക്കുലർ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി 'കാർഡർ' മാർക്കിടയിൽ പ്രചരിച്ചിരുന്നുവെന്ന് കോഴിക്കോട്ടെ ഒരു പ്രമുഖപ്രവർത്തകൻ ഡോ. ഗംഗാധരനോട് പറഞ്ഞതായി അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.[19]

കേരളത്തിന്റെ പൊതുബോധം എഴുപതുവർഷത്തെ ഇടതുപക്ഷദേശീയത പ്രവർത്തനം കൊണ്ടുപോലും രാഷ്ട്രീയവൽക്കരിക്കപ്പെട്ടിട്ടില്ല എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ജനാധിപത്യസംവിധനത്തിലൂടെ മായാവതി ഭൂരിപക്ഷം നേടി അധികാരത്തിലേറിയപ്പോഴും ഇതേ പ്രശ്നം ഉന്നയിക്കപ്പെട്ടു. മായാവതി നയിക്കുന്ന ബഹുജൻസമാജ് ഒരു ജാതി പാർട്ടിയാണെന്നാണ് മുഖ്യാധാരാമാധ്യമങ്ങളും പ്രചരിപ്പിച്ചത്. സവിശേഷമായി ഒരു കർത്തൃത്വത്തിലേക്ക് ദലിതർ പ്രവേശിക്കുന്നത് ജാതീയമായി മാത്രം പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ഈ പ്രത്യയശാസ്ത്രം തന്നെയാണ് പൊക്കുടന് സ്വാനുഭവം കൊണ്ട് വ്യക്തമായത്. ഈയൊരു വസ്തുത ഉൾക്കൊള്ളുന്നതുകൊണ്ടാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' സഫലമായൊരു ആവിഷ്ക്കാരമായി മാറുന്നത് ജാതിവ്യവസ്ഥയുടെ സൂക്ഷ്മാനുഭവങ്ങളെയും കീഴാളരുടെ അന്യവൽക്കരണത്തെയും സാക്ഷ്യപ്പെടുത്തുന്നതുകൊണ്ടാണെന്ന് കെ.കെ. കൊച്ച് അഭിപ്രായപ്പെടുന്നത്.[20] തിരിച്ചറിവിന്റെയും സാമൂഹികമായ ഇടപെടലുകളുടെയും പൊതു വ്യവഹാരത്തിലാണ് പൊക്കുടന്റെ സ്വത്വം നിർവ്വചിക്കപ്പെടുന്നത്. അതാവട്ടെ കേവലവ്യക്തിവാദമല്ല; മറിച്ച് സാമൂഹികമായ വ്യക്തിസത്തകൂടിയാണ്. പൊക്കുടൻ പ്രാദേശികമായി ഉയർത്തിയ ചോദ്യങ്ങൾക്ക് മുകളിലാണ് കേരളത്തിനകത്ത് പില്ക്കാലത്ത് രൂപപ്പെട്ട ആദിവാസികളുടെ ഭൂമിക്കുവേണ്ടിയുള്ള സമരവും, പ്ലാച്ചിമടയിലെ കൊക്കകോള വിരുദ്ധ സമരവും, ചെങ്ങറസമരവും ഉയർന്നുവന്നതെന്നത് യാദൃച്ഛികമല്ല. ഇവയെല്ലാം തന്നെ കേരളത്തിലെ ഇടതുപക്ഷ ദേശീയതയ്ക്ക് പുറത്ത് നടന്ന സമരങ്ങളായിരുന്നു. ജാതിമേന്മാബോധവും വർഗബോധവും സന്ധിക്കുന്ന ചരിത്രസന്ദർഭം തിരിച്ചറിയുന്നിടത്തുനിന്നാണ് പൊക്കുടന്റെ പാരിസ്ഥിതികമായ ഇടപെടലുകൾ പ്രാധാന്യം നേടുന്നത്. ആ അർത്ഥത്തിൽ പുതിയൊരു പാരിസ്ഥിതിക വ്യവഹാരം

കേരളീയ പൊതുമണ്ഡലത്തിനകത്തേയ്ക്ക് തുറന്നുകൊടുക്കുകയാണ് പൊക്കുടൻ.

## അധ്വാനവും ജ്ഞാനവും

അധ്വാനപ്രക്രിയയിൽ നിന്നും രൂപമെടുത്തിട്ടുള്ള ജ്ഞാനത്തിന്റെ മൂല്യബോധമാണ് പൊക്കുടന്റെ ചിന്തകളെ ധനാത്മകമാക്കുന്നത്. ഉല്പാദന പ്രക്രിയയുമായി ബന്ധപ്പെട്ട അറിവ് കൂടുതൽ മൂല്യവത്തും ആധുനികദേശരാഷ്ട്രത്തെ ചലനാത്മകമാക്കുന്നതുമാണെന്ന തിരിച്ചറിവാണ് ഇവിടെ പ്രധാനം. പൊക്കുടൻ നിലമുഴുമ്പോൾ, വിത്തുവിതയ്ക്കുമ്പോൾ ജനിക്കുന്ന ജ്ഞാനം യഥാർത്ഥജീവിത പരിസരവുമായി ബന്ധപ്പെട്ട് വികസിക്കുന്നുണ്ട്. ദലിത് ജീവിതാവസ്ഥയുടെ സാമൂഹികമായ ഉള്ളടക്കം ഉല്പാദനപരമാണ്. അത് വൈയക്തികമാകുന്നതോടൊപ്പം സാമൂഹികവുമാണ്. എന്നാൽ അധ്വാനത്തിന് കിട്ടുന്ന പ്രതിഫലം തുച്ഛമാണ്. മാത്രമല്ല അധ്വാനത്തിന്റെ മഹത്വം അംഗീകരിക്കാത്ത ജാതി-മതബോധവുമാണ് കേരളത്തിൽ നിലനിന്നിരുന്നത്. കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ദലിത് ജീവിതാവസ്ഥയുടെ സാമൂഹിക പരിസരമാണിത്. ഇത് ഒരു സമൂഹത്തിന്റെ മൊത്തം ജീവിതത്തെ അന്യവൽക്കരിക്കുകയാണുണ്ടായത്. ഈ അന്യവൽക്കരണം മൂന്ന് തലങ്ങളിൽ നടക്കുന്നതായി കാഞ്ച ഐലയ്യ വ്യക്തമാക്കുന്നുണ്ട്.

1. ഗ്രാമീണ ഉല്പാദനം വിപണം എന്നിവയിൽ നിന്നുള്ള അന്യവൽക്കരണം.

2. ഗ്രാമത്തിലെ സാമൂഹ്യ മുഖ്യാധാരയിൽ നിന്നുള്ള അന്യവൽക്കരണം.
3. തങ്ങളിൽ നിന്നുതന്നെയുള്ള അന്യവൽക്കരണം.[21] വർഗപരമായ അന്യവൽക്കരണവുമായി തട്ടിച്ചു നോക്കുമ്പോൾ എത്രയോ സൂക്ഷ്മവും സങ്കീർണ്ണവുമാണ് ഇതെന്ന് കാഞ്ച ഐലയ്യ തുടർന്നു എഴുതുന്നുണ്ട്.

പൊക്കുടൻ ഈ അന്യവൽക്കരണത്തെ മറിക്കടക്കുന്നത് സ്വന്തം അധ്വാനത്തെ പ്രകൃതിയുമായി ബന്ധപ്പെട്ട ശാസത്രീയവും യുക്തിനിഷ്ഠവുമായ ജ്ഞാനത്തെ വീണ്ടെടുത്തുകൊണ്ടാണ്. ഈ വീണ്ടെടുപ്പ് തന്റെ ജീവിതത്തെ സംഘർഷാത്മകവും സമരാധിഷ്ഠിതമാകുമ്പോഴും അദ്ദേഹത്തിന്റെ പ്രത്യാശ ശക്തവും വിശാലവുമായ മാനവികബോധത്തെകൂടി ലക്ഷ്യം വെയ്ക്കുന്നു.

അധ്വാന പ്രക്രിയയുമായി ബന്ധപ്പെട്ടുതന്നെ അദ്ദേഹത്തിന്റെ ചിന്തയും നിലനിൽക്കുന്നതുകൊണ്ടാണ് അധ്വാനത്തെ ചൂഷണം ചെയ്യുന്ന സവർണ്ണസംസ്കാരത്തെ പൊക്കുടന് തിരിച്ചറിയാനാവുന്നത്. ഇത് ഒരർത്ഥത്തിൽ ഞാൻ ചിന്തിക്കുന്നു അതിനാൽ ഞാൻ നിലനിൽക്കുന്നു എന്ന ദക്കാർത്തിയൻ ചിന്തയിൽനിന്നുള്ള വിച്ഛേദമായി മാറുന്നു. ഞാൻ അധ്വാനിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു എന്നിടത്താണ് പൊക്കുടന്റെ ആത്മാഖ്യാനം ആധുനികതയുടെ വ്യവഹാരമാതൃകകളെ തഴയുന്നത്. ദലിത്‌വ്യവഹാര മാതൃകയുടെ അടിസ്ഥാനം തന്നെ ഈയൊരു രാഷ്ട്രീയ കർത്തൃത്വത്തെയാണ് ലക്ഷ്യം വെയ്ക്കുന്നത്. പൊക്കുടന്റെ ജീവിതം ഈയൊരു തിരിച്ചറിവിലൂടെ കടന്നുപോകുമ്പോഴാണ് ചരിത്രമായിത്തീരുന്നത്. കണ്ടൽചെടികളെകുറിച്ചും ഔഷധ വീര്യമുള്ള മീനുകളെ[22] കുറിച്ചുമുള്ള പൊക്കുടന്റെ അറിവ് അധ്വാനപ്രക്രിയയുമായി ബന്ധപ്പെടുത്തിയാണ് കാണേണ്ടത്. പൊക്കുടൻ ഈ തിരിച്ചറിവിനെ ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്.

പുഴയും കൈപ്പാടും തോടും മീനും പുഴജീവികളും നമ്മുടെ കൗതുകകരമായ സമ്പത്താണെന്ന അനുഭാവപൂർണ്ണമായ സമീപനം നമ്മുടെ പ്രാദേശിക ഭരണകൂടങ്ങൾക്കില്ല. സ്വന്തം അനുഭവങ്ങളിൽ നിന്നും സാധാരണ ജനങ്ങൾ ആർജിച്ചെടുക്കുന്ന തിരിച്ചറിവാകട്ടെ അംഗീകരിക്കപ്പെടുന്നുമില്ല. പ്രാദേശികമായ അിറിവിനെയും സമ്പത്തിനെയും കാണാൻ പ്രാപ്തിയുള്ള ഒരു ജനതയാകട്ടെ പ്രഖ്യാപിതമായ അധികാരഘടനയ്ക്കു പുറത്താണുതാനും. എന്തു തന്നെയായാലും പുഴ ജീവികളിൽ വലിയൊരു വിഭാഗത്തിന് വംശനാശം സംഭവിച്ചുവെന്നതാണ് സത്യം.[23] കഠിനമായ അധ്വാനത്തിലൂടെയും പ്രകൃതിയമുമായുള്ള സക്രിയമായ ബന്ധത്തിലൂടെയും സ്വായത്തമാക്കുന്ന അറിവുകളാണ് പ്രധാനമെന്നും അതാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നതെന്നുമുള്ള കാഴ്ചപ്പാടാണ് ഇവിടെ വികസിക്കുന്നത്.

അധ്വാനത്തിന് മീതെ വിശ്രമ ചിന്തയെയും മന്ത്രോച്ചാരണത്തെയും പ്രതിഷ്ഠിച്ചുകൊണ്ടാണ് സവർണ ഭാവുകത്വം ഇന്ത്യക്കകത്ത് അടിസ്ഥാനജനതയെ ഇന്ന് കീഴ്പെടുത്തികൊണ്ടിരിക്കുന്നത്. ഇതിനെതിരെയുള്ള പ്രത്യയശാസ്ത്രാവബോധമാണ് രൂപപ്പെട്ടുവരേണ്ടതെന്ന ദർശനമായാണ് അധ്വാന പ്രക്രിയയുമായി ബന്ധപ്പെട്ട അറിവുകളെ തിരിച്ചുപിടിച്ചുകൊണ്ട് പൊക്കുടൻ നടത്തുന്നത്. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, എന്റെ ജീവിതം എന്നീ ആത്മാഖ്യാനങ്ങളും ചൂട്ടാച്ചി എന്ന പുഴ ജീവികളെക്കുറിച്ചുള്ള പൊക്കുടന്റെ ഓർമ്മ പുസ്തകവും ഈയർത്ഥത്തിൽ അധ്വാനത്തിന്റെ മഹത്വം കൂടി സ്ഥാപിക്കുന്നുണ്ട്. വാക്കുകൾക്ക് പച്ച മണ്ണിന്റെയും പച്ച മീനിന്റെയും പുതുനെല്ലിന്റെയും മണം വരുമ്പോൾ അത് എത്ര മേൽ വ്യത്യസ്തമായിരിക്കും എന്ന ഭൗതികമായ തിരിച്ചറിവ് [24] നൽകാൻ പൊക്കുടന്റെ ആഖ്യാനം ശ്രമിക്കുന്നു. ഭക്ഷണസംസ്കാരത്തിന്റെ കാര്യത്തിൽ പോലും അതിശക്തമായ സാംസ്കാരികാധിനിവേശം നടക്കുന്ന കേരളത്തിന്റെ സാമൂഹിക സാഹചര്യത്തിൽ പൊക്കുടൻ ഈ കൃതികളിലൂടെ പ്രശ്നവൽക്കരിക്കുന്ന വ്യവഹാരമാതൃകകൾ അനുഭവത്തെ നോക്കിക്കാണാൻ പുതിയൊരു രീതിശാസ്ത്രം കൂടി മുന്നോട്ടുവെയ്ക്കുന്നു. അനുഭവാധിഷ്ഠിത അറിവാണ് സ്വത്വ രൂപീകരണത്തിലും രാഷ്ട്രീയകർത്തൃത്വത്തിലും പ്രാധാന്യം വഹിക്കുന്നതെന്ന കാഴ്ചപ്പാടാണിത്.

## ദലിത്‌ജീവിതാവസ്ഥയും മത ദൈവവ്യവഹാരവും

ദലിത് ജീവിതാവസ്ഥയിൽനിന്നുള്ള മോചനത്തിന് മതങ്ങളോ, മതങ്ങൾ വാഴ്ത്തുന്ന ദൈവങ്ങളോ പര്യാപ്തമല്ലെന്ന പാഠമാണ് പൊക്കുടന്റെ പ്രായോഗികമായ അറിവിന്റെ അടിസ്ഥാനം. പില്ക്കാലത്ത് ബുദ്ധൻ, അയ്യങ്കാളി, അംബേദ്കർ എന്നിവരെ വായിച്ചും കേട്ടറിഞ്ഞും ഈ ബോധം ദൃഢപ്പെടുന്നുണ്ട്. താനുൾക്കൊള്ളുന്ന ജനതയുടെ ആവാസവ്യവസ്ഥയും, അതിന്റെ ഭാഗമാകുന്ന മനുഷ്യരുമായുള്ള ബന്ധവുമാണ് മതത്തിന്റെയും ദൈവത്തിന്റെയും വ്യവ

ഹാരങ്ങളെ പുനർനിർവചിക്കാനും സ്വജീവിതം കൊണ്ട് അതിഭൗതികമായ സത്തയെ നിരസിക്കാനും അദ്ദേഹത്തിന് കഴിയുന്നത്. ആത്മാഭിമാനബോധവും എന്തിനെയും നേരിടാനുള്ള ഇച്ഛാശക്തിയും അതിലുപരി സാമൂഹികനീതിബോധവുമാണ് ഇതിന്റെ അടിസ്ഥാനമാകുന്നതെന്ന് ആത്മാഖ്യാനം സാക്ഷ്യപ്പെടുത്തുന്നു. അടിസ്ഥാനപരമായ ഒരു വിധേയത്വ വിരുദ്ധതാബോധം പ്രകൃതിയുമായുള്ള സജീവമായ ബന്ധത്തിൽ നിന്ന് പൊക്കുടൻ സ്വായത്തമാക്കുന്നുവെന്നർത്ഥം.

ഗോത്രപരവും ജാതിനിഷ്ഠവുമായ ദൈവസങ്കല്പത്തിൽ നിന്നുള്ള പരിണാമം പൊക്കുടൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ധർമദൈവമാണ് ദലിതുകളുടെ കുലദൈവം എന്ന സങ്കല്പം ഭൗതികമായ തിരിച്ചറിവിന്റെ ഭാഗമായാണ്. 'കാർണോരാണല്ലോ ധർമദൈവം' എന്ന് തോറ്റ പാട്ടിനെ മുൻ നിർത്തി പൊക്കുടൻ പറയുന്നുണ്ട്.[25] മരണപ്പെട്ട കാരണവൻമാരെ ഓർമിക്കുക എന്നതിൽനിന്ന് ഭിന്നമായി അതിഭൗതികസത്തയുമായി അതിന് ബന്ധമില്ല. 'ചാത്തോറകോലം'[26] എന്ന തെയ്യത്തെ കെട്ടിയാടുന്നതിലൂടെയാണ് കാരണവൻമാർ സ്മരിക്കപ്പെടുന്നത്. കെട്ടിയാടുന്ന തെയ്യക്കാരൻ പ്രധാനമായും അന്വേഷിക്കുക ജീവിച്ചിരിക്കുന്നവരുടെ ദൈന്യാനുഭവങ്ങളാണ്. കുടുംബബന്ധവും വ്യക്തിബന്ധവും കെട്ടുറപ്പുള്ളതാക്കുക എന്നതാണ് ഈ തെയ്യത്തിന്റെ ലക്ഷ്യം. നിരന്തരമായ അധ്വാനത്തിനും കഷ്ടപ്പാടിനും ഇടയ്ക്ക്, അച്ഛന്റെ മരണശേഷം കാരണവൻമാർക്ക് വിളക്ക് കത്തിക്കുക എന്ന ചടങ്ങ് നിന്നുപോയതായി പൊക്കുടൻ വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല, ഈയൊരു അനുഷ്ഠാനത്തിൽ പ്രത്യേകിച്ചൊന്നും കാണാനും അദ്ദേഹത്തിന് സാധിച്ചില്ല.[27] മതത്തെയും അതുമായി ബന്ധപ്പെട്ട പൊക്കുടന്റെ യോജിപ്പുകൾക്കും വിയോജിപ്പുകൾക്കും ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത കൈവരുന്നുണ്ട്. പ്രകൃതിയിൽ വിശ്വസിക്കുന്ന ഒരാൾക്ക് മറ്റൊരു വിശ്വാസത്തിന്റെയും ആവശ്യമില്ലെന്ന് പൊക്കുടന് അറിയാം. ഈ അിറവാണ് കാവ്- ക്ഷേത്ര പാരമ്പര്യ വ്യവഹാരങ്ങളിൽ നിന്ന് മാറിനിൽക്കാൻ പ്രചോദിപ്പിക്കുന്നത്.

രാവും പകലും കയ്പ്പാട്ടിലും കളപ്പൊരയിലും ജീവിക്കുന്ന പുലയനെന്ത് മതമാണുള്ളത്[28] എന്ന പൊക്കുടന്റെ മറുചോദ്യം ലളിതമാണെങ്കിലും ചരിത്രപരമായി ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. മതത്താൽ നയിക്കപ്പെടുന്നവരല്ല ദലിതരെന്ന ചരിത്രയാഥാർത്ഥ്യം ഇതിലുൾക്കൊള്ളുന്നുണ്ട്.[29] ജാതീകൃതമായ അസമത്വങ്ങളിൽ നിന്ന് രക്ഷനേടാൻ സ്വന്തം സമുദായത്തിൽ നിന്ന് ഏറെ പേർ ക്രിസ്തുമതം സ്വീകരിച്ചുവെന്നും അവരുടെ ജീവിതാവസ്ഥയിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നും സ്വാനുഭവത്തെ മുൻനിർത്തി പൊക്കുടൻ പറയുന്നുണ്ട്. 'ചിറക്കൽ പുലയമിഷൻ വരുന്നതോടുകൂടിയാണ് പുലയർക്കിടയിൽ ക്രിസ്തുമതത്തിന് സ്വാധീനമുണ്ടായത്. അവർ ഒന്നടങ്കം വേറൊരു മതത്തിന്റെയും സംസ്കാരത്തിന്റെയും അടയാളങ്ങൾ സ്വീകരിച്ച് തങ്ങൾക്ക് നിഷേധിച്ച സ്വാതന്ത്ര്യത്തിന്റെ മധുരം നുകർന്നു. കൈറോണി അച്ചനും ടഫറേൽ അച്ചനും ളോഹക്കീശയിൽ നിറയെ മിഠായിയുമായി ചാളപ്പുരകളിൽ വന്ന് കുട്ടികൾക്കും മുതിർന്നവർക്കും നൽകി. മിഠായിക്കുപുറമേ ഒളിപ്പിച്ചുവെച്ച കൊന്തയും. കൊന്തയിട്ട് കുർബാന ചൊല്ലിയ പുലയൻ നസ്രാണിയായി. എന്റെ പെങ്ങൾ രാധ ക്രിസ്തുമതം സ്വീകരിച്ച് ത്രേസ്യയായി. അവളുടെ കെട്ടിയോൻ വെള്ളേൻ തോമസ് എന്ന പേര് സ്വീകരിച്ചു. ഞാൻ അവരെ കാണാറുണ്ട്. എനിക്കവരോട് സ്നേഹം തന്നെ.[30] മതത്തിന്റെ നുകത്തിൽകെട്ടിവെച്ചാൽ തീരുന്നവയല്ല മനുഷ്യരുടെ പ്രശ്നങ്ങൾ എന്ന പൊക്കുടന്റെ പ്രായോഗികമായ അറിവ് ദലിത് ജീവിതാവസ്ഥയിൽ നിന്നുള്ള ഉൾക്കാഴ്ചയുടെ ഫലമാണ്. അയ്യങ്കാളിയും പൊയ്കയിൽഅപ്പച്ചനും, അംബേദ്കറും ആധുനിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ് ഇതിനെ കാണുന്നത്. വിദ്യാഭ്യാസത്തിലൂടെ ആർജിച്ചെടുക്കുന്ന ജ്ഞാനവും രാഷ്ട്രീയാവബോധവും ജനതയുടെ കർത്തൃത്വത്തെ മാറ്റിപണിയും എന്ന് തന്നെയാണ് അതിന്റെ അടിസ്ഥാനം. ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം (1936)അയ്യങ്കാളി ഒരിക്കലും പത്മനാഭപുരം ക്ഷേത്രം സന്ദർശിക്കുകയുണ്ടായിട്ടില്ല. ക്ഷേത്രപ്രവേശനം ദലിത് വിമോചനവുമായി ബന്ധപ്പെട്ട് കാണാൻ അദ്ദേഹത്തിനായില്ല.[31] വിദ്യാഭ്യാസത്തെ സാമൂഹിക സാംസ്കാരിക മൂലധനമായി മാറ്റണമെന്നായിരുന്നു അയ്യങ്കാളിയുടെ ലക്ഷ്യം.

മതമെന്ന സ്ഥാപനത്തെ പ്രശ്നവൽക്കരിക്കുന്നതിലൂടെ തന്റെ മത-ദൈവ സങ്കല്പത്തെകൂടി വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: മനുഷ്യദൈവങ്ങളിൽ എനിക്ക് വിശ്വാസമില്ല. പ്രകൃതിയും ജനങ്ങളും സത്യവും നീതിയുമാണ് എന്റെ ദൈവങ്ങൾ. ഈ വിശ്വാസം കൊണ്ട് എനിക്ക് ഇതുവരെ അപകടമൊന്നും ഉണ്ടായിട്ടില്ല.[32] ആൾ ദൈവങ്ങൾക്ക് പ്രാധാന്യം കൈവരുന്ന കേരളീയ പശ്ചാത്തലത്തിൽ പൊക്കുടന്റെ ദർശനത്തിന് പ്രായോഗികമായ ഉൾക്കാഴ്ച കൈ

വരുന്നു. മനുഷ്യദൈവങ്ങൾ എങ്ങനെയെല്ലാമാണ് സാധാരണ മനുഷ്യരെ കർത്തൃത്വമില്ലാതാക്കുന്നത് എന്ന സൂചന ഇതുൾക്കൊള്ളുന്നു. ഭക്തിയും വീരാരാധനയുമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയെ തകർക്കുന്നത് എന്ന അംബേദ്കറുടെ നിരീക്ഷണവുമായി പൊക്കുടന്റെ പ്രായോഗിക ദർശനം ഒത്തുപോകുന്നത് അവയുൾക്കൊള്ളുന്ന വിമോചനാത്മകതകൊണ്ടാണ്.

അറിവിനെ കേന്ദ്ര സ്ഥാനത്തിലേക്ക് പ്രതിഷ്ഠിച്ചുകൊണ്ട് അതിഭൗതികമായദൈവസങ്കല്പം എത്ര മാത്രം മനുഷ്യവിരുദ്ധമാണെന്നുകൂടി പൊക്കുടൻ തിരിച്ചറിയുന്നുണ്ട്. ജീവിതാനുഭവങ്ങളെയും അതിൽനിന്ന് സൃഷ്ടിച്ചെടുക്കുന്ന ശാസ്ത്രീയവും യുക്തിനിഷ്ഠവുമായ അറിവുമാണ് ദലിത് ജീവിതാവസ്ഥയെ നിർണയിച്ചു പോന്നിട്ടുള്ളതെന്ന ഭൗതികസത്യത്തെയാണ് പൊക്കുടന്റെ ആത്മാഖ്യാനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ചതുപ്പുകളാലും കൈപ്പാടുകളാലും ചുറ്റപ്പെട്ട ആവാസവ്യവസ്ഥയിൽ ഇടപ്പെട്ടപ്പോഴുണ്ടായ തിരിച്ചറിവാണ് തന്നെ കണ്ടൽചെടികൾ വെച്ചുപിടിപ്പിക്കാൻ പ്രേരിപ്പിച്ചതെന്നും കണ്ടൽചെടികളാണ് ആവാസവ്യവസ്ഥയെയും മനുഷ്യബന്ധങ്ങളെയും സംരക്ഷിച്ചതെന്നുമുള്ള ഭൗതികമായ അറിവ്, ദേശരാഷ്ട്രത്തിന്റയും ജനാധിപത്യസംവിധാനത്തിന്റെയും വ്യവഹാരമായി മാറേണ്ടതുണ്ട്. ഇത്തരമൊരു മാറ്റം പ്രതീക്ഷിക്കുന്നിടത്താണ് പൊക്കുടന്റെ ജീവിതദർശനം അർത്ഥവത്തായിത്തീരുന്നത്. മാത്രമല്ല, ധർമശാസ്ത്രപരവും നീതിനിഷ്ഠവുമായ ഒരു സമീപനം ആന്തരിക സത്തയാകുന്നിടത്താണ് കല്ലേൻ പൊക്കുടന്റെ രാഷ്ട്രീയ ദർശനം പ്രാദേശികമായും അന്താരാഷ്ട്രതലത്തിലും പ്രാധാന്യം നേടുന്നത്. സ്വയം നവീകരണത്തിന്റെ ചരിത്രപാഠം അതുൾക്കൊള്ളുന്നുവെന്നർത്ഥം.

### കുറിപ്പുകൾ

1. Raj Kumar. Dalit Personal narratives, orient Blakswan, 2010, pp.157-210.
2. 1907 ൽ അയ്യങ്കാളി നടത്തിയ ഒരുവർഷം നീണ്ടുനിന്ന കാർഷികസമരത്തിന്റെ ഫലമായി ദലിത് വിദ്യാർത്ഥികൾക്ക് സ്കൂളിൽ പ്രവേശനം അനുവദിച്ചുകൊണ്ട് തിരുവിതാംകൂർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ സവർണ മേധാവിത്വം ഈ ഉത്തരവ് നടപ്പിലാക്കാൻ സമ്മതിച്ചില്ല. 1911 ൽ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അംഗമായപ്പോൾ പ്രധാനമായും വാദിച്ചത് കീഴാളജനതയുടെ വിദ്യാഭ്യാസ പ്രവേശനത്തിനാണ്. 1914 ൽ ഇതിന്റെ അടിസ്ഥാനത്തിൽ അധ:സ്ഥിതരിൽപ്പെട്ട കുട്ടികളെ എല്ലാ സ്കൂളുകളിലും പ്രവേശിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് വീണ്ടും ഉത്തരവിറക്കി. ഇതിന്റെ അടിസ്ഥാനത്തിൽ പുലയകുട്ടികളെ അയ്യങ്കാളിയുടെ നേതൃത്വത്തിൽ സ്കൂൾ പ്രവേശനത്തിന് ശ്രമിച്ചത് വീണ്ടും സാമൂഹിക പ്രശ്നമായി. ഇതിനെ തുടർന്നുണ്ടായ സമരമാണിത്. കൊല്ലവർഷം 1909 ൽ നടന്ന സമരമായതിനാൽ ഈ പേരിട്ടു. രാധാകൃഷ്ണൻ ആർ, കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളൂബൻ പബ്ളിക്കേഷൻസ്, അറയൂർ, 2010, പുറം, 66 കാണുക.
3. ദലിത് സാംസ്കാരിക പഠനങ്ങൾ ഈ പ്രശ്നത്തെയാണ് ചർച്ചക്ക് വിധേയമാക്കിയിട്ടുള്ളത്. ഇന്ത്യയുടെ മറ്റ് പ്രദേശങ്ങളിൽനിന്ന് ഭിന്നമായി കേരളത്തിൽ ബ്രാഹ്മണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പ്രചാരകരായത് നായർ വിഭാഗമാണെന്നും നായർ അധീശത്വബോധവുമായി ബന്ധപ്പെട്ടാണ് മലയാളി ദേശീയത മുഖ്യധാരയിൽ പ്രതിഷ്ഠിക്കപെട്ടതെന്നുമുള്ള ദലിത് വിമർശനം പ്രധാനമാണ്. ഈ അർത്ഥത്തിൽ നവോത്ഥാന പ്രക്രിയ ദലിതർ ഉൾപ്പെടെയുള്ള ആദിവാസി-ന്യൂനപക്ഷ വിഭാഗങ്ങളുടെ ജ്ഞാനത്തെ ഉൾക്കൊള്ളാതെ പോവുകയാണുണ്ടായത്. Dasan. M (ed), The Oxford India Anthology of Malayalam Dalit Writing, Oxford University Press, New Delhi, 2012, pp.XIII-XXIII.
4. ഇളയിടം സുനിൽ പി, കേരളീയ നവോത്ഥാനവും ഇടതുപക്ഷവും വിമർശനാത്മക പരിപ്രേക്ഷ്യത്തിന്റെ ആവശ്യകത, നവോത്ഥാനത്തിന്റെ തിരിച്ചു പോക്കും ജനാധിപത്യ കടമകളും, (എഡി) ജെയിംസ് പി. ജെ, മാസ്സ് ലൈൻ പബ്ലിക്കേഷൻസ് എറണാകുളം, 2011, പുറം, 30-53. ബി. രാജീവൻ, നവവരേണ്യ മേധാവിത്വവും കീഴാളസ്വാധികാരവും, പുറം, 54-57. നൂറ്റാണ്ടുകളായി കൊടിയ ദാരിദ്ര്യവും അപമതിക്കും പീഡനത്തിനും ഇരയാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമീണരും ആദിവാസികളും ദലിതരും അടങ്ങുന്ന കീഴാളരുടെ രാഷ്ട്രീയ കർത്തൃത്വം എന്ന യാഥാർത്ഥ്യത്തെ നവവരേണ്യാധിപത്യവുമായി ബന്ധപ്പെട്ടിരിക്കുന്ന സംഘർഷാത്മക ബന്ധത്തിന്റെ രൂപങ്ങളെ തിരിച്ചറിയണമെന്ന് ബി. രാജീവനും, ആധുനികരണത്തിന്റെ ഭാരതീയ- കേരളീയ സന്ദർഭത്തിൽ ആധിപത്യയുക്തി പ്രവർത്തിച്ചത് ബ്രാഹ്മണിക മൂല്യവ്യവസ്ഥയുമായുള്ള ഒത്തുതീർപ്പുകളിലൂടെയാണെന്ന് സുനിൽ പി. ഇളയിടവും തിരിച്ചറിയുന്നുണ്ട്.
5. കല്ലേൻപൊക്കുടൻ. എന്റെ ജീവിതം, ഡി.സി.ബി. കോട്ടയം, 2010, പുറം. 23-24.

6. കല്ലേൻപൊക്കുടൻ. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, മീഡിയ മാജിക്, പഴയങ്ങാടി, 2002, പുറം. 33
7. കല്ലേൻപൊക്കുടൻ. എന്റെ ജീവിതം, ഡി.സി.ബി. കോട്ടയം, 2010, പുറം. 15.
8. കല്ലേൻ കുണ്ടൻ: പൊക്കുടനിൽ രാഷ്ട്രീയാവബോധം വളർത്തിയത് കല്ലേൻ കുണ്ടനായിരുന്നു. നീതിയുടെ പക്ഷത്തു നിൽക്കാൻ പ്രേരിപ്പിച്ച ഇദ്ദേഹം തീവ്ര സമുദായസ്നേഹിയും ധൈര്യശാലിയുമായിരുന്നു.
9. Rammohan, K.T. Tales of Rice Kuttanad, South west India, centre for Development studies, Thiruvananthapuram, 2006, pp.28-34.
10. അതേ പുസ്തകം. pp.41

കല്ലേൻ പൊക്കുടൻ. എന്റെ ജീവിതം, പുറം. 28.

11. 1952 ലെ ഇലക്ഷനുമായി ബന്ധപ്പെട്ട് മുതലാളി കോൺഗ്രസിന് വോട്ടുചെയ്യണമെന്ന് വീട്ടിൽ വന്നു പറഞ്ഞപ്പോൾ പൊക്കുടന്റെ മറുപടി ഇങ്ങനെയായിരുന്നു. 'വോട്ട് ചെയ്യാൻ പറയാൻ നിങ്ങൾക്കെന്താ അധികാരം, വോട്ട് സ്വന്തം ഇഷ്ടത്തിന് ചെയ്യാനുള്ളതെന്നായിരുന്നു ഞാനറിഞ്ഞത്'. ഇതറിഞ്ഞ അച്ഛൻ പൊക്കുടനെ വീട്ടിൽ നിന്ന് പുറത്താക്കുന്നു. എന്റെ ജീവിതം പുറം, 47-48.
12. രാഷ്ട്രീയമായി അധികശതമാനം ഈഴവ സമുദായങ്ങളും കോൺഗ്രസിനെ പിന്തുണച്ചപ്പോൾ സാമൂഹിക മാറ്റത്തിനായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രം ദലിതുകളായിരുന്നുവെന്ന് ടി.വി.സത്യമൂർത്തി വ്യക്തമാക്കുന്നുണ്ട്. India since Independence, Vol.I, Ajanata Publications, 1985, pp. 174-175.
13. കല്ലേൻ പൊക്കുടൻ. എന്റെ ജീവിതം, പുറം. 42
14. അതേ പുസ്തകം, പുറം. 56.
15. പൊക്കുടൻ. അവകാശങ്ങളെകുറിച്ചാണ് ആനുകൂല്യങ്ങളെകുറിച്ചല്ല നാം പറയേണ്ടത്, അഭിമുഖം ഷീബ പി, ധന്യ എം.എസ്, ഫീവറിഷ് വേൾഡ്,. മലപ്പുറം, ഗവ: കോളേജ്, മാഗസിൻ, 2003, പുറം,104. ഇഷ്ടദാനബില്ല് ഭൂപരിഷ്കരണം കൊണ്ട് ഉദ്ദേശിച്ചതെല്ലാം ഇല്ലാതാക്കി എന്ന വിമർശനമാണ് പൊക്കുടൻ നടത്തുന്നത്. എന്റെ ജീവിതം-പുറം. 82-84 കാണുക.
16. ഏഴോം കോലക്കേസ്: ചെമ്മീൻ ബണ്ടിനകത്തെ കൃഷിസ്ഥലത്തേയ്ക്ക് കയറുന്ന മത്സ്യവും ചെമ്മീനും പിടിക്കാനുള്ള അവകാശം കൃഷിത്തൊഴിലാളികളായ ദലിതർക്കായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഏഴോം പഞ്ചായത്തിൽ സജീവമാകുന്നതോടെ മുതലാളിമാർ ഈ അവകാശത്തിനെതിരായി. ഇതിനെ തകർക്കാനും നേതൃത്വം നൽകിയ കല്ലേൻ പൊക്കുടനെ വകവരുത്താനുമായി മുതലാളിമാർ തീരുമാനിച്ചു. ഏഴു വാടകഗുണ്ടകളെ ഇതിനായി മുതലാളിമാർ വരുത്തി. ചെമ്മീൻ പിടുത്തം നിന്നു. ജനങ്ങൾ പേടിച്ചു. ഇതിനെതിരെ പാർട്ടിക്കാർ സംഘം ചേരുകയും ഗുണ്ടകളെ കണ്ടുപിടിച്ച് അവരെ പറഞ്ഞു വിടാൻ തീരുമാനിക്കുകയും ചെയ്തു. 400 പേരടങ്ങുന്ന സംഘം ഒന്നിച്ചുനിന്ന് അവരെ എതിരിട്ടു. ഈ അവസരത്തിൽ ഏഴു പേരിൽ ഒരാൾ ചതുപ്പിലേക്ക് വീഴുകയും മരണപ്പെടുകയും ചെയ്തു. ഏഴോം കൊലക്കേസിലെ മൂന്നാം പ്രതിയായ കല്ലേൻ പൊക്കുടനേയും നാലാം പ്രതി മൊയ്തുവിനെയും കണ്ടുകിട്ടിയാൽ വെടിവെയ്ക്കാൻ ആഭ്യന്തര മന്ത്രിയായിരുന്ന കെ. കരുണാകരന്റെ ഓഫീസിൽനിന്ന് തളിപറമ്പ് സർക്കിൾ ഉൻസ്പെക്ടർ ഫോൺ വന്നു. ഈ കേസുമായി ബന്ധപ്പെട്ട് ആറുമാസം ഒളിവിലും നാല് മാസം ജയിലിലുമായി പൊക്കുടൻ കഴിഞ്ഞു.
17. എന്റെ ജീവിതം പുറം. 85-113.
18. രാജീവൻ, ബി. വാക്കുകളും വസ്തുതകളും, ഡി.സി.ബി, കോട്ടയം, 2009, പുറം 249-258.
19. ഗംഗാധരൻ, എം. (ഡോ). ഇനിയും നശിച്ചിട്ടില്ലാത്ത ജാതിവ്യവസ്ഥ, ഭാഷാപോഷിണി, ഫെബ്രുവരി, 1996 പുറം.9.
20. കൊച്ച്, കെ.കെ. ആത്മാന്ധതയുടെ അർത്ഥതലങ്ങൾ, ദലിതപാതകൾ, സൈൻ ബുക്സ്, തിരുവനന്തപരും, 2006, പുറം.49.
21. ഐലയ്യ കാഞ്ച. ഞാനെന്തു കൊണ്ടൊരു ഹിന്ദുവല്ല, (വിവ) സഞ്ജീവ് എസ്, സംവാദം, തിരുവനന്തപുരം, 2001, പുറം.109.
22. കല്ലേൻ പൊക്കുടൻ. ചൂട്ടാച്ചി, പുഴജീവികളെക്കുറിച്ചുള്ള പൊക്കുടന്റെ ഓർമ്മകൾ, ഡി.സി. ബുക്സ്, 2010.
23. അതേ പുസ്തകം, പുറം. 78.
24. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, പുറം. 30.
25. എന്റെ ജീവിതം, പുറം. 180.
26. ചത്തോറകോലം: കണ്ണൂർ കാസർഗോഡ് ജില്ലയിലെ പുലയർക്കിടയിൽ നിലനിന്ന തെയ്യക്കോലമാണ്. പൊതുവെ കേരളത്തിലെ ദലിതുകളുടെ ഇടയിൽ നിലനിന്നുപോരുന്ന ഒരു ആരാധനാരീതിയെന്നത് പൂർവ്വികരെ സ്മരിക്കുക എന്നതാണ്. അതിഭൗതികമായ ഒരു ദൈവത്തെ സങ്കല്പിക്കുന്ന രീതി അവരുടെ ജീവിതാവസ്ഥയിൽ ഉണ്ടായിരുന്നില്ലെന്നർത്ഥം. വർഷത്തിലൊരിക്കൽ കാവുകളിലോ, കുടുംബപരിസരത്തോ വച്ച് നടക്കുന്ന ഒരാരാധനാരീതിയായി ഇത് നിലനിന്നു. ആധുനികതയുടെ ഭാഗമായി ശാസ്ത്രീയബോധവും ജീവിതരീതിയും ചത്തുപോയവരെ കാണുക എന്ന

അയുക്തികത ചോദ്യം ചെയ്യുന്നുണ്ട്. ആനന്ദൻ പി, ചാത്തോറ കോലം, കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, പുറം. 108 കാണുക.

27. എന്റെ ജീവിതം, പുറം. 180.
28. കല്ലേൻ പൊക്കുടൻ. അവകാശങ്ങളെക്കുറിച്ചാണ്, ആനുകൂല്യങ്ങളെക്കുറിച്ചല്ല നാം പറയേണ്ടത്, അഭിമുഖം, ഷീബ പി, ധന്യ എം.എസ്. ഫിവറിഷ് വേൾഡ്, ഗവ. കോളേജ് മാഗസിൻ, മലപ്പുറം, പുറം, 105.
29. കൂടുതൽ ഗവേഷണപ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണിത്. ഒരു മതത്തിന്റെയും ഭാഗമല്ലാത്ത ജനത പില്ക്കാലത്ത് മതം സ്വീകരിക്കുകയാണുണ്ടായത്. ഇസ്ലാമതവും ക്രിസ്തുമതവും കേരളത്തെ സംബന്ധിച്ചിടത്തോളം ജാതീകൃതമായ അസമത്വങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായിട്ടാണ് ദലിതർ കണ്ടത്. അതുകൊണ്ടു തന്നെ പില്ക്കാലത്ത് ഈ മതങ്ങളുമായി ബന്ധപ്പെട്ട് ദലിത് മതവ്യവഹാരവും രൂപപ്പെടുന്നുണ്ട്. ക്രിസ്തുമതവുമായി ബന്ധപ്പെട്ട് പൊയ്കയിൽ അപ്പച്ചൻ സ്ഥാപിച്ച പ്രത്യക്ഷരക്ഷാദൈവസഭ അത്തരത്തിലുള്ള ഒന്നാണ്. ജാതിവ്യവസ്ഥയെ ഇല്ലാതാക്കാൻ കേരളത്തിൽ ക്രിസ്തുമതത്തിന് കഴിഞ്ഞിട്ടില്ലെന്ന തിരിച്ചറിവിന്റെ ഭാഗം കൂടിയായിരുന്നു ഈ സങ്കല്പം.
30. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം, പുറം -50.
31. ദലിതർ മറ്റുമതങ്ങൾ സ്വീകരിക്കുന്നത് തടയുക എന്നതായിരുന്നു ക്ഷേത്രപ്രവേശനവിളംബരം കൊണ്ട് ലക്ഷ്യമാക്കിയത്. എന്നാൽ കേരളത്തിന്റെ മുഖ്യധാര ചരിത്രം നവോത്ഥാനവുമായി ചേർത്തുവച്ചാണ് ഇതിനെ പ്രതിഷ്ഠിച്ചത്. ക്ഷേത്രപ്രവേശനം നവോത്ഥാനമല്ലെന്ന് തിരിച്ചറിയുന്നിടത്താണ് ദലിത് വ്യവഹാരത്തിന്റെ പ്രാധാന്യം. ബ്രാഹ്മണപൗരോഹിത്യത്തിലേക്കും അന്ധവിശ്വാസത്തിലേക്കും അടിസ്ഥാനജനതയെ തള്ളിയിടാനുള്ള മാർഗമാണിതെന്ന തിരിച്ചറിവാണ് ഇവിടെ പ്രധാനം.
32. എന്റെ ജീവിതം, പുറം. 165.

# THE RIGHT FOR REPRODUCTIVE LIBERTY AND ETHICAL SUBJECTIVITY

**Sabina S.**
Research Scholar
Department of Philosophy
University of Calicut

Abstract

The paper has the objective of analyzing the notion of individual liberty/autonomy in reproductive choice used by bioethics to debate research involving human beings today, from reflections on biopolitics in contemporary culture. Development of technologies actually challenges the traditional bioethical conceptions of ethical subjectivity and individual autonomy. Continental philosophers approach to this area marked a new form of ethical subjectivity, autonomy etc from a more ontological view than the normative one. The conceptual foundation of one of the bioethical principle, namely, reproductive liberty is being discussed in this paper with the support of Foucault's notion of ethical subjectivity.

## Introduction

The principle of individual liberty/autonomy is the principle focus of this paper. The arguments based on this try to unfold a different kind of analysis. It includes a conceptual and historical specificity on the notion of individual freedom. Apart from mere value judging ethical views, the concept of autonomy is placed in a much broader social and political context, or we can say that this principle of bioethics (autonomy) operates in a biopolitical context. John Harris, conception of reproductive liberty insist that it is a right to negative liberty which protect parents against the imposition of external constraint on reproductive choices. But this negative liberty can be viewed from a positive freedom. Thus the paper tries to have an ontological view regarding individual liberty on reproductive autonomy. A few words to talk on biopolitics. Michel Foucault, in his *History of Sexuality,* argues that biological life itself became the object and target of political power. The notion of biopolitics was geared towards the regulation and management of the life of a new political subject, the population. There was a technology of power aimed at life, ie Biopower. This power operates through a violence imposed upon subjects from

RESEARCH JOURNAL • PEER REVIEWED

above through a normalizing regulation that administers and fosters the life of subjects. Power takes hold of the body of the citizen through normative regulation. Thus it was a normalization of life process. The idea of normalization is applied to the principle of reproductive freedom. To state this argument I rely upon Foucault's later works on ethics to argue that reproductive freedom entails a form of ethical self-constitution. Norms doesn't have an independent ontological status but are always manifested in social practices and are operated as regulative ideals. Self-creative dimension of Reproductive Liberty

Foucault was concerned with the historical and social production of the forms of subjectivity. Based on different historical modes of acting upon oneself and technology of doing so, he identifies the production of subject under the term *technologies of the self*. By this he means the practices and means by which individual acts upon themselves as ethical subjects ie, the way in which individual make themselves as subjects by enacting particular moral codes ie, modes of being. Practices of self to a large extent are given by the culture in which an individual lives. Thus each individual actively constitutes his or her own identity and ethical capacity in a socoi-cultural location. Thus self emerges through the enactment and alteration of norms and models found in the culture and society.

The practices of liberty entails that freedom is not given once and for all, but it requires a practical exercise upon oneself. An ethics of self thus involves a self-reflexive relation to one's own freedom. Freedom then becomes both an object of ethical concern and practical exercise.

## Reproductive Liberty in The light of Foucauldian Self–formation

Foucault's understanding of a practice of self can now be applied to the prospects of new reproductive practices. Among the four dimensions of self-formation,(object of moral conduct, mode of subjection, ethical work, *telos*) as an ethical subject, the last, *telos*, explicitly or consciously recognized or not aims to become a free/reproductive subject. Here the ethical self-formation involves self-awareness. Technologies of the self is the relation that individual establish with themselves, in relation to the sets of values, principles ad codes for living. He shapes the way in which individuals constitute themselves as subjects of their own actions through certain practices and matrices of knowledge. Reproductive liberty can be also seen as a form of ethical self formation. Here the reproductive subject comes into being through the enactment of principles of individual freedom in everyday practices

In the words of Catherine Mills,

> The part of oneself that is isolated for transformation is the desire and capacity for reproduction and associated activities of child rearing .... the maintenance of successful pregnancy that ideally gives rise to a 'normal healthy child'. Thus the free reproductive subject is born (50)

The birth of a free reproductive subject is a matter of false consciousness. It is a thorough determination of subjectivity. The force of individual freedom as a moral norm is inseparable from being a norm of subjection. Individual freedom can be seen as an artifact of liberal governance. Reproductive freedom gains its

meaning and reality through its enactment in everyday practices of ethical self-formation.

**Conclusion**

As Harris assumes individual freedom/autonomy is not a sort of negative right of non-interference. Through Foucauldian formulation

of an ethics of self, we can argue that negative liberty is dependable on its enactment in positive practices of freedom. They are not in conflict, but appear as mutually reinforcing and are the two necessary dimensions of ethical self formation. John Harris emphasized that reproductive freedom only entails a right of non-interference. Foucault on the other hand approached in a different way; he identifies the need for a new conception of rights not under a sovereign or a disciplinary power. In the words of Catherine Mills, Foucault takes a naturalistic approach to the rights that sees them as conduits within the operations of power and practices of freedom.

## References


1. Foucault, Michel. The ethics of concern for the self as a practice of freedom. In *Ethics: Subjectivity and truth, essential works of Michel Foucault, 1954-1984.* Paul Rabinow, Penguin: London, 1993.
2. Foucault, Michel. The use of Pleasure: *The History of Sexuality*: Vol. 2, Penguin: London, 1987.
3. Foucault, Michel. About the Beginnings of the Hermenuetics of the self. *Political Theory*. 1993.
4. Harris, John. Rights and Reproductive Choices. In *The future of human reproduction: Ethics, choice and regulation*, eds. John Harris, and Soren Holm, Clarendon Press: Oxford. 1998.
5. Harris, John. *Enhancing Evolution: The ethical case for making better people.* Princeton University Press: Oxford. 2007.
6. Mills, Catherine, *Futures of Reproduction: Bioethics and Biopolitics*, Springer Publication: Australia, 2006.
7. Oksala, Johanna. *Foucault on Freedom*. Cambridge University Press: Cambridge, 2005.
8. Robertson, John A. *Childern of choice: Freedom and the new reproductive technologies*. Princeton University Press: Princeton, 1994.

# IMPLICATIONS OF ANCIENT INDIAN CULTURE IN THE PRESENT

**Sajan.R.**
The Head &Assistant Professor
Department of History
N.S.S.College, Manjeri

The interface between ancient Indian cultures as represented in literature, systems of knowledge like *darsana*s and epics in stones like temples in Konark and Khajuraho and modern mind pursuing it as part of its attempt to comprehend the past as well as the present produces possibly diametrically opposite responses and reactions. Some sing in praise of it whereas some others find it as fit for sneer or contemptuous treatment. One possible reason for the conflicting nature of responses is the fact that the subject of study is not accorded a sincere attempt to understand it in its totality. Hence ancient Indian culture signifies different things to different people, depending on the point of view and the range of involvement.

Generally speaking, scholars as well as laymen from western hemisphere evaluate the key note of Indian culture as charged with other worldly preoccupations leading to the practice of self-denial. This is evident from the popularity of words like *maya,nirvana* etc. Also, those who cannot see the minute details as well as the grand design regard the multitude of gods and *darshanas* as intoxicating celebration of paganism. One has to perceive the precise significance of symbols and comprehend the razor sharp distinctions of terms in *darshnas* to fully understand the totality and wholeness of vision represented in objects, texts, monuments and philosophies or *darshanas* in Indian traditions.

The distant phases of ancient Indian culture have vital and life giving links with the history of different ancient cultures. In the treatise titled *The Nature of Culture*, Kroeber came up with illuminating comment that ancient " Oikoumene" means the "inhabited", thereby representing the total habitable world at that distant age. The Greeks in classical period used the expression to refer to vast tracts of land stretching from the Pillars of Hercules to the Indian Ocean. The expansive region under this became the space where Egypt, Mesopotamia, Greece, Rome,

RESEARCH JOURNAL • PEER REVIEWED

Persia, China, India, Cambodia, Japan, Crete and Europe existed. It must be constantly borne in mind that there was continuous interaction among these vast tracts of land inhabited by people speaking different languages. The extent to which classical Greek knowledge relied on historical antecedents in other countries has been explored extensively in *Black Athena* by Martin Bernel . It is obvious that the Greek sculpture influenced Gandhara sculpture. The craft of paper making travelled from China to Europe making the recording of spoken language and knowledge in such a way that millions of people could benefit out of it. Eventually the invention of printing press created what is called the 'Gutenburg galaxy' by Marshall Mcluhan. Kroebar is of the view that the 'Oikoumene' was the space where all higher cultures took its birth, evolution and growth. The development of farming, building up of towns, emergence of kingship and attendant mode of administration and the evolution and perfection of language and literature occurred in these regions.

The culture and civilization during the Harappan and the *vedic* phases eventually resulted in a commingling of both, but minute aspects of this mixing of ideas, practices, forms of communication and social and religious rituals remain an area of enquiry fit for controversy. Vedic hymns might have been direct expressions connected with religious rituals. Europeans scholars as well as Indian scholars who have been trained in their tradition of pure and often literal scholarship have, knowingly or unknowingly, done a palpable injustice to the metaphysical implications embodied in the hymns of the *Rigveda*. In other words Indian pundits and priests regarded the Vedas as a source of mythology and sacrificial ceremonies and the European

scholars tried to find in things of rational interest like history, myths and popular religious ideas. Hence the "spiritual interest and its poetic greatness and beauty" were not given due care, as Sri Aurobindo states in *The Secret ofthe Vedas*.

The composers of the Vedic hymns were not just shepherds and wanderers in search of medicinal plants, but they were thinkers and prophets. In fact they were *rsi, dhira*, that is, seers and thinkers. As Aurobindo states; "These singers believed that they were in possession of a high, mystic and hidden truth, claimed to be the bearers of a speech acceptable to a divine knowledge and expressly so speak of their utterance, as secret words which declare their whole significance only to the seer, and to those who come after them the Veda was a book of knowledge, and even of the supreme knowledge, a revelation".

As for the meaning of the expression secret words which reveal their significance only to the seer, it has to be understood as the fact that in ancient languages, words are multi sematic in meaning. That is, they have whole or undivided meanings which must be understood in its totality or wholeness. It is clear from the Latin word spirits which implies wind, breath, and sprit. The Vedic seers used words of this category with one of their meanings in the forefront and others being in the background. Hence, when others try to comprehend the meaning of it, only the initiated person can really comprehend the mystical or psychological meaning. In other words, by effectively using the multi-sematicism of words, language was handled in the secret way there by keeping the subtle and mystical experiences away from the uninitiated people. This ingenious technique of using language by the *vedic* seers have rendered ancient symbols and myths verbal artifacts having perennial freshness and enduring relevance. In recon-

structing the History of the ancient India, this aspect of perception is to be always borne in mind for having a total and integrated picture of the subject of enquiry.

To take certain revealing examples, *agni* in the *vedas* is fire as well as the psychic fire within human beings. The *gous* or cows are the animals called cows as well as rays of divine light. *Indra* is a warrier god as well as divine will. Hence, it is easy to measure the sublime range of their mystical poetry. Interpretation is the light of primitive anthropomorphism is a gross distortion of the implied significance of the sublime perception represented in these verses by the *vedic* sages.

The central features of Indian culture as it evolved down the centuries are the existence of unity and complexity. During the historic periods when India experienced absence of stability and consequent weakness as can be broadly seen from 1000 A.D to 1300 A.D, the social and political factors became so complex with the result that the sense of unity suffered serious decline. It is interesting to note that a sort of political unity was imposed on the complexity and variety of India during the colonial rule implemented in India by the British.

It is to be noted that during the days when India reached pinnacle of glory as exemplified in the ages of the Mauryas and the Guptas, Ashoka or Samudraguptha, that Indian culture experienced its full blooded growth, there by retaining a sense of unity and complexity. Now a days, it seems that India passess through historic period when the complexity and variety effectively pose challenge to the sense of unity. It is widely held that our constitution will provide necessary orientation and act as a beacon in giving a sense of direction to overcome challenges so that national unity will prevail. The constitution as a document embodying political vision and the principle of justice represented in modern idiom is the one sure anchor to overcome challenges and problems in order to realize the essential unity of India. Hence in India's search for unity, the document called the constitution of India effectively becomes the medium and the agency to realize the aim by providing the necessary foundation built in modern idiom and languages.

**References**

1. Sri.Aurobindo, *The Foundation of Indian Culture*, Pondicherry,1959.
2. Krober, *The Nature of Culture*, London,1972.
3. RaghavanIyer(ed) The Glass Curtain between Asia and Europe, Madras, 1965.
4. Kroeber,A.C.*A Roster of Civilization and Culture*, Aldine publishing company, Chicago, U.S.A,1962.
5. Vivekananda.*Complete Worksof Swami Vivekanda*,vol.iv, Birth Centenary edition. 1963
6. Mulk Raj Anand.*Isthere a ContemparraryCivilization*, Asia, 1963.